**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6437** **10-11-2021 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിൽ മഴക്കെടുതിമൂലം വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ മഴക്കെടുതിമൂലമുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും പൂർണമായും നശിച്ച വീടുകൾ എത്രയാണ്; ഭാഗികമായി നശിച്ച വീടുകൾ എത്രയാണ്; വിശദാംശം വ്യക്തമാക്കാമോ; | (എ) | തീവ്ര മഴയെതുടർന്നുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും പ്രാഥമിക വിലയിരുത്തൽ പ്രകാരം 559 വീടുകൾക്ക് ഭാഗികമായും 99 വീടുകൾക്ക് പൂർണ്ണമായും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. വീടുകൾക്കുണ്ടായ നാശനഷ്ടങ്ങളുടെ കൃത്യമായ കണക്കെടുപ്പും നാശനഷ്ടത്തിന്റെ തോത് നിശ്ചയിക്കുന്ന പ്രവൃത്തിയും പൂർത്തിയായി വരുന്നു. |
| (ബി) | വീട് പൂർണ്ണമായും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | എസ്ഡിആർഎഫ് മാനദണ്ഡം അനുസരിച്ച് വീട് പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് കുന്നിൻ പ്രദേശങ്ങളിൽ 101900/- രൂപയും സമതലങ്ങളിൽ95100 രൂപയുമാണ്. എന്നാൽ 29.10.2021 ലെ G.O(Ms)No.5/2021/DMD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സിഎംഡിആർഎഫിൽ നിന്നുള്ള വിഹിതവും ചേർത്ത് 4 ലക്ഷം രൂപ പൂർണ്ണ നാശനഷ്ടം സംഭവിച്ചവർക്ക് ധനസഹായം അനുവദിക്കുന്നതാണ്. |
| (സി) | ഭാഗികമായി തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഭാഗികമായി നാശനഷ്ടം സംഭവിച്ച വീടുകൾക്ക് നാശനഷ്ടത്തിന്റെ തോതനുസരിച്ച് 29.10.2021 ലെ G.O(Ms)No.5/2021/DMD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പതിനഞ്ച് ശതമാനം വരെയുള്ളവർ, പതിനാറ് മുതൽ ഇരുപത്തിയൊൻപത് ശതമാനം വരെ, മുപ്പത് മുതൽ അൻപത്തിയൊൻപത് ശതമാനം വരെ, അറുപത് മുതൽ 74 ശതമാനം വരെ എന്നിങ്ങനെ തരം തിരിച്ച് പതിനായിരം രൂപ മുതൽ രണ്ടര ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നതാണ്. |
| (ഡി) | ഉരുൾപൊട്ടലും മണ്ണിടിച്ചിലും മൂലം വാസയോഗ്യമല്ലാതായി തീർന്ന പ്രദേശങ്ങളിലെ ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രകൃതി ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട് വാസയോഗ്യമല്ലാത്ത സ്ഥലത്ത് താമസിക്കുന്നവർക്കും, പുറമ്പോക്ക് ഭൂമിയിൽ താമസിച്ചിരുന്ന പൂർണമായും തകർന്നതോ പൂർണ്ണമായും വാസയോഗ്യമല്ലാതാകുകയോ |

| | | | |
|---|---|---|---|
| | | | ചെയ്തവർക്കും 29.10.2021 ലെ G.O(Ms)No. 5/2021/DMD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 6 ലക്ഷം രൂപ സ്ഥലം വാങ്ങുന്നതിനും 4 ലക്ഷം രൂപ വീട് നിർമ്മിക്കുന്നതിനും അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ